## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 26      28.01.2019 ൽ മറുപടിക്ക്

### സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ആന്റണി ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കുട്ടികൾക്കെതിരെ ഓൺലൈൻ വഴിയുള്ള ലൈംഗികാതിക്രമങ്ങളും ചൂഷണങ്ങളും കണ്ടെത്തുന്നതിനും തടയുന്നതിനും 'കേരള പോലീസ് കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ' എന്ന പേരിൽ പ്രത്യേക സംഘത്തിന് രൂപം നൽകിയിട്ടുണ്ടോ; | (ബി) കുട്ടികൾക്കെതിരെ ഓൺലൈൻ വഴിയുള്ള ലൈംഗികാതിക്രമങ്ങളും ചൂഷണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനായി Kerala Police Counter Child Sexual Exploitation (CCSE) എന്ന പേരിൽ തിരുവനന്തപുരം റേഞ്ച് ഐ.ജി.പി നോഡൽ ഓഫീസറായും, ഐ.ജി.പി ക്രൈം ബ്രാഞ്ച്, തിരുവനന്തപുരം റേഞ്ചിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിലും ഒരു പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്. |
| (സി) ഇന്റർനെറ്റിന്റെ സുരക്ഷിതമായ ഉപയോഗം, ചതിക്കുഴികൾ എന്നിവ സംബന്ധിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും യുവജനങ്ങൾക്ക് ബോധവത്കരണം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) ഇന്റർനെറ്റിന്റെ സുരക്ഷിതമായ ഉപയോഗം, ഓൺലൈൻ ചതിക്കുഴികൾ, സൈബർ കുറ്റകൃത്യങ്ങൾ, അതിന്റെ ഭവിഷ്യത്തുകൾ എന്നിവയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്ര-ദൃശ്യമാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും വിവിധ സാമൂഹ്യ |

സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ വഴിയും, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സൈബർ ഡോം എന്നിവ മുഖേനയും ആവശ്യമായ ബോധവൽക്കരണ പരിപാടികളും ക്ലാസുകളും നടത്തി വരുന്നു.

(ഡി) ഇത്തരം സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിൽ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം, Information Technology Act 2000 എന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റവാളികളെ അറസ്റ്റ് ചെയ്ത് പരമാവധി ശിക്ഷ ലഭ്യമാക്കും വിധമുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ